## പത്രക്കുറിപ്പ്

# ഇരുപത്തിരണ്ടോളം ക്ഷേത്രങ്ങളും സർക്കാർ ഓഫീസും വ്യാപാര സ്ഥാപനങ്ങളും മോഷണം നടത്തിയ മൂന്നംഗസംഘം പിടിയിൽ

# അതിഥി തൊഴിലാളിയെ കൊലപ്പെടുത്തി മുങ്ങിയ സുഹൃത്ത് ഒരു വർഷത്തിന് ശേഷം അറസ്റ്റിൽ

# രണ്ട് കിലോ ഗഞ്ചാവുമായി രണ്ടുപേർ പിടിയിൽ

## ഇരുപത്തിരണ്ടോളം ക്ഷേത്രങ്ങളും സർക്കാർ ഓഫീസും വ്യാപാര സ്ഥാപനങ്ങളും മോഷണം നടത്തിയ മൂന്നംഗസംഘം പിടിയിൽ

തിരുവനന്തപുരം :- ജില്ലയിലുടനീളം അമ്പലങ്ങളും കടകളും സർക്കാർ ഓഫീസും കുത്തിതുറന്ന് കവർച്ച നടത്തിയ കേസിൽ യുവതിയടക്കം മൂന്നുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തൃശ്ശൂർ ചേർപ്പ് പാറക്കോവിൽ പുളിപ്പറമ്പിൽ വീട്ടിൽ റഫീക് സതീഷ് എന്ന വിളിക്കുന്ന സതീഷ് (39), കൊച്ചുവേളി ശംഭുവട്ടം ജംഗ്ഷനിൽ വാടകയ്ക്ക് താമസം സാബു സേവ്യർ (35), വലിയതുറ മേരി മാതാ ലെയിനിൽ വനിത എന്ന വിളിക്കുന്ന വനജ(32) എന്നിവരെയാണ് പൂന്തുറ എസ്.എച്ച്.ഒ സജികുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം അറസ്റ്റ് ചെയ്തത്.




പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത
സതീഷ് @ റഫീക്ക് സതീഷ് (39)
സാബു സേവ്യർ (35)
വനജ @ വനിത (32)

പൂന്തുറ സ്റ്റേഷൻ പരിധിയിലെ മുട്ടത്തറ ആര്യൻകുഴി ദേവീ ക്ഷേത്രത്തിലും, കമലേശ്വരം ശിവക്ഷേത്രത്തിലും നടന്ന മോഷണവുമായി ബന്ധപ്പെട്ട് നടന്ന അന്വേഷണത്തിലാണ് ഇവർ വലയിലായത്. പകൽ സമയങ്ങളിൽ മൂവരും ആട്ടോറിക്ഷയിൽ കറങ്ങി നടന്ന് ദർശനം നടത്താനെന്ന വ്യാജേന അമ്പലങ്ങളിൽ പ്രവേശിച്ച് പരിസരം മനസ്സിലാക്കി വയ്ക്കും. രാത്രി സാബുവും സതീഷും ആട്ടോറിക്ഷയിൽ ക്ഷേത്രത്തിന് സമീപം എത്തിയശേഷം സതീഷാണ് ക്ഷേത്രത്തിനകത്ത് കയറി മോഷണം നടത്തുന്നത്. ഈ സമയം സാബു സുരക്ഷിതമായ സ്ഥലത്ത് ആട്ടോറിക്ഷ പാർക്ക് ചെയ്ത് മാറി നിൽക്കും. മോഷണത്തിന് ശേഷം ഇരുവരും കൊച്ചുവേളിക്ക് സമീപമുള്ള വീട്ടിലെത്തി  കാണിക്കവഞ്ചി കുത്തിപ്പൊളിച്ച് കിട്ടുന്ന നാണയതുട്ടുകൾ വനജയുമായി ചേർന്ന് എണ്ണി തിട്ടപ്പെടുത്തിയശേഷം, ചില്ലറ നോട്ടാക്കുന്നതും മോഷണം ചെയ്ത്



ക്ഷേത്ര കവർച്ച സംഘത്തെ പൂന്തുറ എസ്.എച്ച്.ഓ സജികുമാറിന്റെ നേതൃത്വത്തിൽ തെളിവെടുപ്പിനെത്തിച്ചപ്പോൾ....

കിട്ടുന്ന സ്വർണ്ണം വിൽപ്പന നടത്തി പണമാക്കുന്നതും വനജയാണ്. നഗരത്തിലെ പൂന്തുറ, ഫോർട്ട്, കഴക്കൂട്ടം, വലിയതുറ, തിരുവല്ലം, വിഴിഞ്ഞം, പൂജപ്പുര പോലീസ് സ്റ്റേഷൻ പരിധികളിലായുള്ള മുട്ടത്തറ ആര്യങ്കുഴി ഭഗവതി ക്ഷേത്രം, കമലേശ്വരം ശ്രീമഹാദേവ ക്ഷേത്രം, പാങ്ങോട് ശ്രീകാവിൽ ഭഗവതി ക്ഷേത്രം, മുട്ടത്തറ തുറയിൽ ശ്രീഅന്നപൂർണ്ണേശ്വരി ഭദ്രകാളി ക്ഷേത്രം, മുട്ടത്തറ ശ്രീനീലകണ്ഠേശ്വര ക്ഷേത്രം, കഴക്കൂട്ടം നാഗമണ്ഡലം ശാസ്താ ക്ഷേത്രം, ചാവടിനട അമ്പാടി ശ്രീകൃഷ്ണസ്വാമിക്ഷേത്രം, തിരുവല്ലം നെല്ലിയോട് ശ്രീഭഗവതി ക്ഷേത്രം, ആൾസെയിൻസ് കോളേജ് ജംഗ്ഷൻ ശ്രീധർമ്മശാസ്താ ക്ഷേത്രം എന്നീ ക്ഷേത്രങ്ങളും മാരായമുട്ടം, കണിയാപുരം ഭാഗങ്ങളിലുമായി 22-ഓളം ക്ഷേത്രമോഷണങ്ങൾ സംഘം നടത്തിയതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. കൂടാതെ, മുട്ടത്തറ വില്ലേജ് ഓഫീസ് കുത്തിപ്പൊളിച്ച് മോഷണശ്രമം നടത്തിയതും, കണ്ണാന്തുറ ആൾസെയിൻസ് എന്നീ ഭാഗങ്ങളിലെ സൂപ്പർ മാർക്കറ്റുകളിലും പണം കവർച്ച നടത്തിയതും ഈ സംഘമാണ്. ഇവർ മോഷണം ചെയ്തെടുത്ത ഒന്നര ലക്ഷം രൂപയോളം വില വരുന്ന സ്വർണ്ണവും, അൻപതിനായിരം രൂപയോളം വിലവരുന്ന വെള്ളി ആഭരണങ്ങളും, മറ്റ് മോഷണവസ്തുക്കളും സതീഷിന്റെ കല്ലമ്പലത്തുള്ള വാടകവീട്ടിൽ നിന്ന് പോലീസ് കണ്ടെടുത്തിട്ടുണ്ട്. സംഘം കൂടുതൽ മോഷണങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് കണ്ടെത്താൻ പ്രതികളെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ ചോദ്യം ചെയ്യുമെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥ് അറിയിച്ചു. ശംഖുമുഖം അസ്സി. കമ്മീഷണർ സ്റ്റുവർട്ട് കീലറുടെ നേതൃത്വത്തിൽ പൂന്തുറ എസ്.എച്ച്.ഒ ബി.എസ്.സജികുമാർ, എസ്.ഐ-മാരായ അനൂപ് ചന്ദ്രൻ, അഭിരാം, എ.എസ്.ഐ ശിവകുമാർ,

എസ്.സി.പി.ഒ-മാരായ മനു, അജിത്, സി.പി.ഒ-മാരായ രാജേഷ്, സന്തോഷ്, അജിത്, അൻഷാദ്, വിമൽ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്.

## അതിഥി തൊഴിലാളിയെ കൊലപ്പെടുത്തി മുങ്ങിയ സുഹൃത്ത് ഒരു വർഷത്തിന് ശേഷം പിടിയിൽ

തിരുവനന്തപുരം:- ഒഡീഷ സ്വദേശിയായ അന്യ സംസ്ഥാന തൊഴിലാളിയെ കൊലപ്പെടുത്തിയ ശേഷം നാട്ടിലേയ്ക്ക് മുങ്ങിയ സുഹൃത്തായ ഒഡീഷ സ്വദേശിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഒഡീഷ നായഗർഹ് ജില്ല ഘണ്ടൂഗാൻ ടൌണിൽ ബാലിയ നായക് (26)-നെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. 2018 ഡിസംബർ 23-നാണ് ഒഡീഷ സ്വദേശിയായ ബിപിൻ മഹാപത്ര കൊല്ലപ്പെട്ടത്. ഇയാളോടൊപ്പം മേനംകുളം പാടിക്കവിളാകം ഭഗവതി ക്ഷേത്രത്തിന് സമീപത്തെ വാടകമുറിയിൽ താമസിച്ചു വന്നിരുന്ന പ്രതി ബാലിയ നായക് പാചകം ചെയ്ത ഭക്ഷണത്തിന് രുചിക്കുറവാണെന്ന് പറഞ്ഞ് ഉണ്ടായ വഴക്കാണ് കൊലപാതകത്തിൽ കലാശിച്ചത്. രാത്രി 9.30 മണിയ്ക്ക് ബിപിൻ മഹാപത്രയെ പ്രതി കത്തി കൊണ്ട് കുത്തി കൊലപ്പെടുത്തുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ പിടികൂടുവാനായി കഴക്കൂട്ടം അസ്സിസ്റ്റന്റ് കമ്മീഷണർ അനിൽ കുമാറിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് നടത്തിയ



കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്ത ബാലിയ നായക് (26)

അന്വേഷണത്തിലാണ് ഒഡീഷ റായ്ഘണ്ട് ജില്ലയിലെ ചന്ദ്രപൂർ എന്ന സ്ഥലത്തുള്ള ഒരു ലേബർ ക്യാമ്പിൽ നിന്നും കഴിഞ്ഞ ദിവസം പ്രതിയെ പിടികൂടിയത്. കഴക്കൂട്ടം എസ്.എച്ച്.ഒ കെ.എസ്.പ്രവീൺ, എസ്.ഐ സുമേഷ്, സി.പി.ഒ-മാരായ സജാദ് ഖാൻ, അരുൺ.എസ്.നായർ, സുജിത് എന്നിവരങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## രണ്ട് കിലോ ഗഞ്ചാവുമായി രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം :- ബൈക്കിൽ കറങ്ങി നടന്ന് നഗരത്തിൽ ഗഞ്ചാവ് വിൽപ്പന നടത്തി വന്ന രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പേരൂർക്കട മണ്ണാമ്മൂല പാറവിളാകത്ത് വീട്ടിൽ ഗൌതം (31), വെട്ടുകാട് ലീൻ കോട്ടേജിൽ ജെയ്സൺ ജൂഡ് (25) എന്നിവരെയാണ് പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്തത്. ഇവരിൽ നിന്നും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന രണ്ട് കിലോ അമ്പത് ഗ്രാം ഗഞ്ചാവും ബൈക്കും പോലീസ് പിടിച്ചെടുത്തു. ഫോണിലൂടെ ബന്ധപ്പെടുന്ന ആവശ്യക്കാർക്ക് ഗഞ്ചാവ് സ്ഥലത്തെത്തിച്ച് വിൽപ്പന നടത്തുന്നതാണ് ഇവരുടെ രീതി. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പൂജപ്പുര എസ്.എച്ച്.ഒ വിൻസെന്റ് എം.എസ് ദാസ്, എസ്.ഐ



പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്ത ജയ്സൺ ജൂഡ് (25) , ഗൗതം (31)

ഗമാലിയേൽ, എ.എസ്.ഐ രാജ്കിഷോർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
27-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി